**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

| | |
|---|---|
| വിഷയം:- | ആ.വ.ഡ- ജീവനക്കാര്യം- ഡോ. അഭിലാഷ് കുമാർ.എം.പി, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി)- പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. |

| | | |
|---|---|---|
| പരാമർശം:- | 1 | മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസറുടെ 24.02.2024 ലെ DMOH-MLPM/799/2024-A1 നമ്പർ കത്ത്. |
| | 2 | 17/08/2024 ലെ DHS/6534/2024-EB3 നമ്പർ കാരണം കാണിക്കൽ നോട്ടീസ്. |
| | 3 | ഡോ. അഭിലാഷ് കുമാർ.എം.പി-യുടെ 30/08/2024 ലെ കാരണം കാണിക്കൽ നോട്ടീസിനുള്ള മറുപടി |

**ഉത്തരവ് നം: DHS/6534/2024-EB3 തീയതി: 28-11-2024**

---

മലപ്പുറം വണ്ടൂർ താലൂക്ക് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ.അഭിലാഷ് കുമാർ.എം.പി 31.01.2024 മുതൽ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതായി പരാമർശം (1) പ്രകാരം മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. 07.07.2012 ൽ സർവീസിൽ പ്രവേശിച്ച പ്രൊബേഷണറായ ഡോ.അഭിലാഷ് കുമാർ.എം.പി പ്രോബേഷൻ കാലാവധിക്കുള്ളിൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുന്നതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ ചട്ടം 19 (a) (ii) പ്രകാരം പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താൽകാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കിയിരുന്നു. ടി തീരുമാനത്തിന് എതിരായി ടിയാന് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നോട്ടീസ് ലഭിച്ചു

15 ദിവസത്തിനകം സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നോട്ടീസിന് ടിയാൻ പരാമർശം (3) പ്രകാരം മറുപടി സമർപ്പിച്ചിരിക്കുന്നു. പ്രസ്ഥുത മറുപടിയിൽ താലൂക്ക് ആശുപത്രി വണ്ടൂരിൽ ജൂനിയർ കൺസൾട്ടന്റായി ജോലി ചെയ്തു വരവെ അമ്മയുടെ ചികിൽസാർത്ഥം 31/01/2024 AN മുതൽ ലീവ് വിത്തൌട്ട് അലവൻസിനായി അപേക്ഷിക്കുകയും ലീവിൽ പോകുകയും ചെയ്തു എന്നും "ഫോളോ അപ്പ് ചികിൽസ ആവശ്യമായതിനാൽ ലീവ് തുടർന്നും ആവശ്യമാണ്" എന്നും ആയതിനാൽ ലീവ് അനുവദിച്ച് തരുവാനും പ്രൊബേഷൻ ഡിക്ലയർ ചെയ്ത് സഹായിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഈ മറുപടി വിശദമായി പരിശോധിച്ചു. അവധി അപേക്ഷ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ നിരസിച്ച ശേഷവും ഡോ.അഭിലാഷ് കുമാർ.എം.പി ജോലിക്ക് ഹാജരായിട്ടില്ല. തന്നിഷ്ട പ്രകാരം അവധിയിൽ പ്രവേശിക്കുകയും, റീജോയിൻ ചെയ്യുവാൻ താല്പര്യം പ്രകടിപ്പിക്കാതിരിക്കുകയും ചെയ്യുന്ന ടിയാന്റെ നിലപാട് അംഗീകരിക്കുവാൻ കഴിയില്ല. ടിയാൻ കാരണം കാണിക്കൽ നോട്ടീസിനു നൽകിയിട്ടുള്ള പ്രസ്തുത മറുപടി തൃപതികരമല്ല.ടിയാന്റെ നടപടി കൃത്യവിലോപവും ഗുരുതരമായ അച്ചടക്ക ലംഘനവുമാണ്. പ്രോബേഷൻ കാലാവധിക്കുള്ളിൽ അനധികൃതമായി ജോലിക്കു ഹാജരാകാതിരിക്കുന്നതിനാൽ ടിയാന്റെ വർക്ക് ആൻഡ് കോണ്ടക്ട് തൃപ്തികരമല്ല.

2. മേൽ സാഹചര്യത്തിൽ 1958 ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ ചട്ടം 19 (a) (ii) പ്രകാരം പ്രൊബേഷണറായ ഡോ. അഭിലാഷ് കുമാർ.എം.പി-യുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

3. മെഡിക്കൽ ആഫീസറും സ്ഥാപന മേധാവിയും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് മേൽ നടപടിക്കായി ഉപയോഗിക്കേണ്ടതാണ്.

Signed by
Reena K J
Date: 28-11-2024 13:57:40

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

**1 Dr.Abhilashkumar MP**

**C/O Rajeshkumar MP**

**Vythiri Clinic, Vythiri**

**Wayanad, Pin 673576**

**( Regd post with A/D)**

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ,മലപ്പുറം
3 .മെഡിക്കൽ ഓഫീസർ,താലൂക്ക് ആശുപത്രി,വണ്ടൂർ മലപ്പുറം
4. CA to DHS (ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)